## സ്റ്റാറ്റ്യൂട്ടറി പ്രമേയം

1958-ലെ കേരള വിദ്യാഭ്യാസ ആക്ട് (1959 ലെ 6) 15-ാം വകുപ്പ് (1) -ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന പ്രകാരമുള്ള പ്രമേയം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് 1958-ലെ കേരള വിദ്യാഭ്യാസ ആക്ട് (1959 ലെ 6) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ സംസ്ഥാനത്തെ നാല് സ്കൂളുകളെ ഏറ്റെടുക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

" WHEREAS the managers of the following schools have closed their schools after obtaining favourable Judgments form the Hon'ble High Court of Kerala confirmed by Hon'ble Supreme Court; The closure of the schools are against the interest of public and pupils studying in those schools.

1) AUP School, Malapparamba,
Kozhikode city Educational Sub district...............

ശ്രീ. കെ. സി. ജോസഫ്: ദേദഗതികൾ മലയാളത്തിൽ തന്നെ വായിക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് മലയാളത്തിൽ മറുപടി പറയാൻ ബുദ്ധിമുട്ടുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: ഇതിനുമുമ്പും ഇതെല്ലാം അവതരിപ്പിച്ചിട്ടുള്ളത് ഇംഗ്ലീഷിലാണ്. ഈ ആക്ടും ഇംഗ്ലീഷിലാണ്.

മി. സ്പീക്കർ: മലയാളത്തിൽ വിതരണം ചെയ്തിട്ടുണ്ടെങ്കിലും മുൻകാലങ്ങളിലും ഇത്തരം പ്രമേയത്തിന്റെ അവതരണം ഇംഗ്ലീഷിൽതന്നെയായിരുന്നു.

ശ്രീ. കെ.സി. ജോസഫ് : കീഴ്വഴക്കങ്ങൾക്കൊരു മാറ്റം വരുത്തേണ്ടേ?

മി. സ്പീക്കർ: മലയാളത്തിലും ഇംഗ്ലീഷിലും വിതരണം ചെയ്തിട്ടുണ്ട്.

പ്രൊഫ. സി. രവീന്ദ്രനാഥ്: ഈ പ്രമേയം മലയാളത്തിൽ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. ഇതിനുമുമ്പുള്ള പ്രിസീഡന്റ്സെല്ലാം ഇംഗ്ലീഷിൽ അവതരിപ്പിച്ചതാണ്. ആക്ടും ഇംഗ്ലീഷിലാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രമേയം സർക്കുലേറ്റ് ചെയ്ത ഭാഷയിൽ തന്നെ അവതരിപ്പിക്കണം. സർക്കുലേറ്റ് ചെയ്തത് മലയാളത്തിലായതിനാൽ മലയാളഭാഷ തന്നെ ഉപയോഗിക്കണം.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഇതൊരു തർക്ക വിഷയമാക്കണോ? മുൻകാലങ്ങളിൽ ചട്ടം 130 അനുസരിച്ചുള്ള പ്രമേയം

അവതരിപ്പിച്ചത് ഇംഗ്ലീഷിലായിരുന്നു. ഇത് മലയാളത്തിൽ ലഭ്യമാകുന്നുണ്ട്. ദയവായി അതൊരു തർക്കവിഷയമാക്കരുത്. മലയാളത്തിൽ അവതരിപ്പിക്കാൻ കഴിയുമെങ്കിൽ അങ്ങ് മലയാളത്തിൽ അവതരിപ്പിക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

"ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുകൂല വിധി ബഹുമാനപ്പെട്ട സുപ്രീം കോടതി സ്ഥിരീകരിച്ചിട്ടുള്ളതിനാൽ താഴെപ്പറയുന്ന സ്കൂളുകളുടെ മാനേജർമാർ അവരുടെ സ്കൂളുകൾ അടച്ചുപൂട്ടിയിട്ടുള്ളതും അപ്രകാരം സ്കൂളുകൾ പൂട്ടിയിട്ടുള്ളത് പൊതു താൽപ്പര്യത്തിനും ആ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ താൽപ്പര്യത്തിനും എതിരായതിനാലും;

1. എ.യു.പി. സ്കൂൾ, മലാപറമ്പ്,
   കോഴിക്കോട് സിറ്റി വിദ്യാഭ്യാസ ഉപജില്ല,
   കോഴിക്കോട് റവന്യൂ ജില്ല.

2. എ.യു.പി. സ്കൂൾ, പാലാട്ട്,
   കോഴിക്കോട് സിറ്റി വിദ്യാഭ്യാസ ഉപജില്ല,
   കോഴിക്കോട് റവന്യൂ ജില്ല.

3. എ.എം.എൽ.പി. സ്കൂൾ, മങ്ങാട്ടുമുറി,
   കൊണ്ടോട്ടി വിദ്യാഭ്യാസ ഉപജില്ല,
   മലപ്പുറം റവന്യൂ ജില്ല.

4. പി.എം.എൽ.പി. സ്കൂൾ, കിരാലൂർ,
വടക്കാഞ്ചേരി വിദ്യാഭ്യാസ ഉപജില്ല,
തൃശ്ശൂർ റവന്യൂ ജില്ല.

കൂടുതൽ കാര്യക്ഷമമായി അവ നടത്തുന്നതിനുവേണ്ടി 1958-ലെ കേരള വിദ്യാഭ്യാസ ആക്ട് (1959-ലെ 6) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ മേൽപ്രസ്താവിച്ച നാല് സ്കൂളുകളും പൊതുതാൽപ്പര്യാർത്ഥം ഏറ്റെടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നതിനാലും;

1958-ലെ കേരള വിദ്യാഭ്യാസ ആക്ട് (1959-ലെ 6)15-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനപ്രകാരം, ഏറ്റെടുക്കുവാനുള്ള സർക്കാരിന്റെ ഉദ്ദേശ്യത്തിന് നിയമസഭ പാസാക്കിയ ഒരു പ്രമേയത്തിന്റെ പിൻബലമില്ലാതെ മേൽപ്പറഞ്ഞ ഉപവകുപ്പ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കാൻ പാടില്ലാത്തതിനാലും;

ഇപ്പോൾ, അതിനാൽ, 1958-ലെ കേരള വിദ്യാഭ്യാസ ആക്ടിലെ (1959-ലെ 6) 15-ാം വകുപ്പ് (1)- ാം ഉപവകുപ്പുപ്രകാരം, മേൽപ്രസ്താവിച്ച നാല് സ്കൂളുകൾ ഏറ്റെടുക്കുന്നതിനുവേണ്ടി നിയമസഭയുടെ ഒരു പ്രമേയം പാസാക്കുന്നതിനായി ഈ സഭ ഇതിനാൽ തീരുമാനിക്കുന്നു.”

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഞാൻ പ്രമേയത്തെ

പിന്താങ്ങുന്നു. മലാപ്പറമ്പ് സ്കൂൾ ഏറ്റെടുക്കുന്നതിന് 6 കോടി രൂപ ചെലവഴിക്കുന്നുവെന്ന ഒരു വാർത്ത മാധ്യമങ്ങളിൽ വന്നു. അങ്ങനെയാണെങ്കിൽ ഈ നാല് സ്കൂളുകൾ ഏറ്റെടുക്കുന്നതിന് എത്ര സാമ്പത്തിക ബാദ്ധ്യത സംസ്ഥാന ഗവൺമെന്റിന് വരുമെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: കൃത്യമായി അതിന്റെ വില നിശ്ചയിച്ച് നിയമപ്രകാരം ഇത്ര ഇരട്ടി കൊടുക്കാമെന്നുള്ള കണക്ക് അനുസരിച്ച് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. അതനുസരിച്ച് വില ഇപ്പോൾ കൃത്യമായി പറയാൻ കഴിയില്ല. ആ സ്കൂളുകൾ നിയമപ്രകാരം ഏറ്റെടുക്കുന്ന സമയത്തുള്ള വില നിശ്ചയിച്ച് പറയുന്നതാണ്. 6 കോടി രൂപ എന്നത് ഏകദേശം ഇത്ര രൂപ എന്ന് പറഞ്ഞന്നേയുള്ളൂ, തുക കൃത്യമല്ല.

ശ്രീ. രമേശ് ചെന്നിത്തല: മാധ്യമങ്ങളിൽ വന്നത് ആറ് കോടി രൂപയെന്നാണ്. ഈ നാല് സ്കൂളുകളും ഒരുമിച്ചാണോ ഏറ്റെടുക്കുന്നത്?

പ്രൊഫ. സി. രവീന്ദ്രനാഥ്: അല്ല.

ശ്രീ. രമേശ് ചെന്നിത്തല: കേരളത്തിലെ ആയിരത്തോളം സ്കൂളുകൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നുണ്ട്. (.............മൈക്ക് ഓഫ്.........) അങ്ങനെ വരുമ്പോൾ എത്ര കോടി രൂപ ചെലവഴിക്കേണ്ടി വരുമെന്നുള്ളതിന്റെ ഒരു

ധാരണയുണ്ടോയെന്നറിയാൻ വേണ്ടി ചോദിച്ചതാണ്.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: എല്ലാ സ്കൂളുകളേയും ഏറ്റെടുക്കുന്നില്ല. നാല് സ്കൂളുകളുടെ കാര്യം മാത്രമേ പറഞ്ഞിട്ടുള്ളൂ. ബാക്കിയുള്ള സ്കൂളുകൾ നിലനിർത്താനാണ് ഉദ്ദേശിക്കുന്നത്; സംശയിക്കേണ്ട, പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളായി നിലനിർത്താൻ സാധിക്കില്ലെന്ന സാഹചര്യത്തിലാണ് ഈ നാല് സ്കൂളുകളും ഗവൺമെന്റ് ഏറ്റെടുക്കുന്നത്. അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന കേരളത്തിലെ ബാക്കി എല്ലാ സർക്കാർ സ്കൂളുകളും ജനകീയമായി ഇടപ്പെട്ട് അവയെ ജനകീയ വിദ്യാഭ്യാസ സ്ഥാപനങ്ങളാക്കുന്ന പ്രക്രിയ നടത്തുകയേയുള്ളൂ, ഏറ്റെടുക്കുകയില്ല.

<u>മി. സ്പീക്കർ</u>: പ്രമേയം സഭ പരിഗണനയ്ക്കെടുക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരിപ്പിച്ച സ്റ്റാറ്റ്യൂട്ടറി പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

പ്രമേയം പാസ്സായിരിക്കുന്നു.